പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

EX.IV/1/17171/HSE/2019

തീയതി:18/03/2020

## 2020 മാർച്ച് ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ് വിവരങ്ങൾ പരിശോധന , തിരുത്തൽ - നിർദേശങ്ങൾ

2020 മാർച്ചിൽ രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിൽ വരുന്ന വിവരങ്ങൾ പരീക്ഷാ ഹാൾടിക്കറ്റിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. ടി വിവരങ്ങൾ വിദ്യാർഥികൾ/അവരുടെ രക്ഷിതാക്കൾ പരിശോധിക്കേണ്ടതും പരിശോധനയിൽ കണ്ടെത്തുന്ന തെറ്റുകൾ 10/04/2020 -ന് മുമ്പായി സ്കൂൾ പ്രിൻസിപ്പലിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

സ്കൂൾ അധികൃതർ തങ്ങളുടെ സ്കൂളിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വിവരങ്ങൾ പത്താംതരം സർട്ടിഫിക്കറ്റുമായി ഒത്തുനോക്കി പരിശോധിക്കേണ്ടതാണ്.

വിദ്യാർത്ഥികൾ ചൂണ്ടിക്കാണിക്കുന്ന / സ്കൂൾ അധികൃതർ കണ്ടെത്തുന്ന മാതാപിതാക്കളുടെ പേരുകളിലെ തിരുത്താവുന്ന തെറ്റുകൾ iExaMS ⟶ School Login ⟶ Pre-Exam Activities ⟶ Update Parent Details/ Medium – Second Year ⟶ Edit ബട്ടൺ ഉപയോഗപ്പെടുത്തി 20/04/2020 -ന് മുമ്പായി തിരുത്തലുകൾ നടത്തേണ്ടതാണ്. **തിരുത്തലുകൾ വരുത്തേണ്ടത് പത്താംതരം സർട്ടിഫിക്കറ്റിലെ വിവരങ്ങളെ അടിസ്ഥാനമാക്കിയായിരിക്കണം**

വിദ്യാർത്ഥിയുടെ പേര് , ജനനതീയതി, ഫോട്ടോ എന്നീ വിവരങ്ങളിലെ തിരുത്തലുകൾക്കായി സ്കൂൾ അധികൃതർ 20/04/2020 -ന് മുമ്പായി ICT Cell മായി ബന്ധപ്പെടേണ്ടതാണ്

സ്കോൾ കേരള മുഖേന രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതുന്ന വിദ്യാർഥികൾ തിരുത്തലുകൾക്കായി സ്കോൾ കേരള ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

സെക്രട്ടറി,
ബോർഡ് ഓഫ് ഹയർസെക്കന്ററി
എക്സാമിനേഷൻസ്,കേരളം.

**To,**

**എല്ലാ പ്രിൻസിപ്പൽമാർക്കും**

ICT cell

The Executive Director, SCOLE Kerala